**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** **26-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ സർക്കാർ മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; വിശദമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് നേരിട്ട് പരാതിയ്ക്കാസ്പദമായ റോഡിന്റെയോ, പാലത്തിന്റെയോ, കെട്ടിടത്തിന്റെയോ അവസ്ഥ ഫോട്ടോയും വീഡിയോയും ഉൾപ്പെടെ അറിയിക്കാനായി 2021 ജൂൺ മാസം 7-ാം തീയതി PWD 4 U APP എന്ന മൊബൈൽ ആപ്പ് നിർമ്മിച്ച് Play store മുഖേന ലഭ്യമാക്കിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ആപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് വിഭാഗവും കെ.എസ്.റ്റി.പി പബ്ലിക് ഇൻഫർമേഷൻ സെൽ വിഭാഗവും ചേർന്ന് പ്രതിദിന പരാതികൾ പരിശോധിക്കുകയും പ്രസ്തുത പരാതികൾ കൃത്യമായി ഉദ്യോഗസ്ഥരിൽ എത്തുന്നുണ്ടോ എന്നും പരാതിക്കാരെ അതാതു വകുപ്പിലെ ഉദ്യോഗസ്ഥർ ഫോണിൽ വിളിച്ചോ, ആപ്പ് മുഖേനയോ പരാതിയുടെ മേൽ എടുത്ത നടപടികളും അതിന്റെ പുരോഗതിയും നിരീക്ഷിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത ആപ്പിന്റെ പ്രവർത്തനം നിലച്ചു എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | പ്രതിദിനം പരാതികൾ ആപ്പിൽ രേഖപ്പെടുത്തി വരുന്നുണ്ട്. യാതൊരുവിധ തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ അത് പ്രവർത്തനരഹിതമായതിന്റെ കാരണം വിശദമാക്കുമോ? | (ഡി) | പ്രതിദിനം പരാതികൾ ആപ്പിൽ രേഖപ്പെടുത്തി വരുന്നുണ്ട്. യാതൊരുവിധ തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ